**ഹജ്ജ് ക്വോട്ട വെട്ടിക്കുറച്ചു**

രണ്ടായിരത്തി പതിമൂന്നിലെ ഹജ്ജുമായി ബന്ധപ്പെട്ടു ഇന്ത്യാ - സൌദി അറേബ്യ ഉഭയകക്ഷി കരാർ മാർച്ച് പതിനാറിന് ( 16, 2013 ) ജിദ്ദയിൽ വച്ച് ഒപ്പ് വയ്ക്കുകയുണ്ടായി. അതിൽ പറയുന്ന പ്രകാരം ഇന്ത്യക്കുള്ള രണ്ടായിരത്തി പതിമൂന്നിലെ ഹജ്ജ് ക്വോട്ട 170,025 സീറ്റുകൾ ആണ്, അവയിൽ 125,025 സീറ്റുകൾ മുംബയിലെ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ (Hajj Committee of India (HCOI), Mumbai ) വഴിയുള്ള തീർഥാടകരും 45,000 സീറ്റുകൾ സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ ( Private Tour Operators (PTOs)) വഴിയുള്ള തീർഥാടകരും ഉൾപ്പെടുന്നതാണ്.

സൌദി അധികൃതർ ഹജ്ജ് 2013 ക്വോട്ടയിൽ പ്രാദേശിക (സൌദി) അപേക്ഷകരുടെ അൻപതു ശതമാനവും എല്ലാ വിദേശ ഹജ്ജ് തീർഥാടകാരുടെത് 20 ശതമാനവും വെട്ടിക്കുറച്ചതായി ന്യൂഡൽഹിയിലെ, സൌദി അറേബ്യയുടെ നയതന്ത്രകാര്യാലയം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തെ ജൂൺ അഞ്ചിന് (June 05, 201) അറിയിച്ചു. ''ഹാറം ഷരീഫിനു '' ("Haram Sharif" ) ചുറ്റും നടന്നു വരുന്ന അടിസ്ഥാന സൌകര്യ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഈ ഭാഗം തീർഥാടകർക്ക് സുരക്ഷിതവും സുദൃഢവുമാക്കുന്നതിനുമാണ് ഈ നടപടി.

അനുവദിക്കപ്പെട്ട ,1,70,025 സീറ്റുകളിൽ നിന്നും 1,36,020 സീറ്റുകൾ ആയി വെട്ടിക്കുറച്ച വിഷയം കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഏറ്റെടുക്കുകയും ക്വോട്ടയിൽ നിന്നും ഇരുപത് ശതമാനം വെട്ടിക്കുറച്ചത് പുനഃപരിശോധിക്കണമെന്നും ഈ വിഷയത്തിലുള്ള ഉത്കണ്ഠയും സൌദി അറേബ്യയിലെ അധികൃതരെ അറിയിച്ചു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഇത് കൂടി ശ്രദ്ധിക്കേണ്ടതുണ്ട് (i) ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽഴിൽ ഉള്ള ഹജ്ജ് 2013 തീർഥാടകരെ ഇതിനോടകം തെരഞ്ഞെടുത്തു കഴിഞ്ഞതും അവരിൽ നിന്നും ഒരു ഭാഗം പണം സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്, (ii) അവരുടെ താമസം, യാത്ര എന്നിവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്ന വളരെ അധികം പുരോഗമിച്ചു കഴിഞ്ഞു , (iii) ഹജ്ജ് 2013 മുതൽ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ വഴി നേരത്തെ നടത്തിയിരുന്ന 'അഞ്ചു വർഷത്തിൽ ഒരിക്കൽ ഹജ്ജ്' ("once in 5 years") എന്നതിനു പകരം ''ജിവിതത്തിൽ ഒരിക്കൽ മാത്രം ഹജ്ജ് ("only once in a life time) എന്ന് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ (HCOI) പരിമിതപ്പെടുത്തിയത് കാരണം ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ ഹജ്ജ് 2013 തീർഥാടകരിൽ കൂടുതൽ പേരും (123,511) ആദ്യമായി ഹജ്ജ് അനുഷ്ഠാനത്തിന് പോകുന്നവർ ആണ് . എന്നാൽ ഹജ്ജിനുള്ള യോഗ്യത നേടിയവരുടെ വിവരങ്ങൾ സ്വകാര്യ ടൂർ ഓപ്പറേറർമാർ ഇത് വരെ പ്രഖ്യാപിച്ചിട്ടില്ല. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത് കൊണ്ട് ഹജ്ജ് 2013 നുള്ള സ്വകാര്യ ടൂർ ഓപ്പറേറർമാരുടെ നിലവിലുള്ള ക്വോട്ടയിൽ നിന്നും (45,000) ഇരുപതു ശതമാനം((34,005 ) വെട്ടിക്കുറക്കുവാൻ സൌദി ഗവൺമെന്റ് തീരുമാനിച്ചു. ഹജ്ജ് കമ്മിഒട്ടി ഓഫ് ഇന്ത്യയുടെ തീർഥാദകാർ അന്നേദിവസം വരെ നടത്തുന്ന സീറ്റ് റദ്ദ് ചെയ്യുന്നതിന് അനുസരിച്ച് സ്വകാര്യ ടൂർ ഓപ്പറേറർമാരുടെ യോഗ്യരായ തീർഥാടകാർക്ക് അത് നൽകും. അതിനു ശേഷം സീറ്റുകളിലെ എന്നതിലെ കുറവും പരിഹരിക്കുന്നതിന് സഹായിക്കും. കഴിഞ്ഞിട്ടുള്ള

**ജൂലൈ 08, 2013**
**ന്യൂഡൽഹി**